LIBRARY ARCHIVES Kerala Legislative Assembly

7. കോങ്ങാട്-കാഞ്ഞിക്കുളം റോഡിന്റെ ശോച്യാവസ്ഥ

ശ്രീ. കെ. വി. വിജയദാസ്: സർ, കോങ്ങാട് നിയോജകമണ്ഡലത്തിലെ കോങ്ങാട്-കാഞ്ഞിക്കുളം റോഡ് 6 കി.മീ. ദൈർഘ്യമുള്ളതാണ്. പാലക്കാട്-പെരിന്തൽമണ്ണ റോഡിൽനിന്നും പാലക്കാട്-മണ്ണാർക്കാട് റോഡിലേക്ക് പോകാനുള്ള ഏക റോഡ് കൂടിയാണ് കോങ്ങാട്-കാഞ്ഞിക്കുളം റോഡ്. ഇപ്പോൾ ആ റോഡിന്റെ രണ്ട് സൈഡിലുമുള്ള മണ്ണ് ഒലിച്ചുപോയി ചാലായി മാറിയിരിക്കുകയാണ്. ഇതുകാരണം വാഹനങ്ങൾക്ക് സൈഡ് കൊടുക്കാൻ പോലും കഴിയുന്നില്ല. മാത്രമല്ല, വലിയ തോതിലുള്ള കുഴികൾ രൂപപ്പെടുകയും ചെയ്തതുകൊണ്ട് വാഹന ഗതാഗതം ദുഷ്കരമായിരിക്കുകയാണ്. ഒരാഴ്ച കൊണ്ട് അവിടെ നാലു വാഹന അപകടങ്ങളാണ് സംഭവിച്ചത്. മാത്രമല്ല, സൈഡ് കൊടുക്കാത്തതുകാരണം വാഹന ഉടമസ്ഥർ തമ്മിലുള്ള വഴക്കും ആ പ്രദേശത്ത് നിത്യസംഭവമായി മാറി. അതുകൊണ്ട് അടിയന്തരമായി 25 ലക്ഷം രൂപയെങ്കിലും അനുവദിച്ച് റോഡിന്റെ മെയിന്റനൻസ് നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട അംഗം പരാമർശിച്ച റോഡിന് 5.3 കി.മീ. ദൈർഘ്യമുണ്ട്. ഈ റോഡിൽ 3 കി.മീ. ദൂരം 5.5 മീറ്റർ വീതിയിൽ ടാറിംഗ് പ്രവൃത്തി കഴിഞ്ഞ വർഷം പൂർത്തിയാക്കിയതാണ്. ബാക്കി വരുന്ന 2 കി.മീ. ദൂരം നിലവിൽ 3 മീറ്റർ വീതി മാത്രമാണുള്ളത്. നിശ്ചിതഭാഗം 5.5 മീറ്റർ വീതികൂട്ടി പുനർനിർമ്മാണം നടത്തിയാൽ മാത്രമേ മേൽ പരാതിക്ക് പരിഹാരമാകുകയുള്ളൂ. പ്രസ്തുത റോഡിന്റെ വീതി തീരെ കുറവായതിനാൽ ഇറക്കുമതിചെയ്ത അഴുക്കുചാലിനുപകരമായി ഐറിഷ് ഡ്രെയിൻ സംവിധാനമേ ഫലപ്രദമാകുകയുള്ളൂ. ഈ ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തി റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ട പ്രകാരം 25 ലക്ഷം രൂപ ഉടൻ അനുവദിക്കുന്നതാണ്.

8. കാരുണ്യ ഡയാലിസിസ് സെന്ററിന്റെയും ടോമോ കെയർ യൂണിറ്റിന്റെയും പ്രവർത്തനം

ശ്രീമതി പി. അയിഷാ പോറ്റി: സർ, കൊട്ടാരക്കര താലൂക്കാശുപത്രിയിലെ സൗകര്യങ്ങളെ സംബന്ധിച്ചാണ് എനിക്ക് ഇവിടെ ഉന്നയിക്കാനുള്ളത്. കൊട്ടാരക്കര താലൂക്കാശുപത്രിയിൽ കാരുണ്യ ഡയാലിസിസ് സെന്ററുകൾ 6 യൂണിറ്റ് അനുവദിച്ചിട്ട് കുറേ നാളുകളായി. എന്നാൽ യാതൊരു തുടർനടപടികളും സ്വീകരിക്കാത്തതുകാരണം ഇതുവരെ തുടങ്ങാനാവാത്ത സ്ഥിതിയാണുള്ളത്. എം.സി. റോഡും എൻ.എച്ച്. റോഡും സന്ധിക്കുന്ന പ്രധാന പട്ടണമായ കൊട്ടാരക്കരയിലെ താലൂക്കാശുപത്രിയിൽ 3 കോടിയിലധികം രൂപ മുടക്കി കെട്ടിടം പണിയടക്കം